ISSN: 2249-7862 (Print) : 2455-877X (Online)
www.aureoleonline.in

ഭാഷാധികാരം സൈബറിടത്തിൽ സ്വത്വവും പ്രയോഗവും

Dr. Manoj J. Palakudy
Assistant Professor, Department of Malayalam
St. Dominic's College, Kanjirappally, Kerala
Email: manojpalakudy@sdck.in

സംഗ്രഹം

സോഷ്യൽമീഡിയായുടെ ആവിർഭാവം ഭാഷയുടെ പരമ്പരാഗത അധികാര സങ്കല്പ ങ്ങളിൽ പൊളിച്ചെഴുത്ത് കൊണ്ടുവന്നു. നെറ്റ്ശൃംഖലയുടെ വിശാലതയ്ക്ക് കേന്ദ്രസ്ഥാ നമില്ലാത്തതുപോലെ ഭാഷയുടെ അധികാരവും വികേന്ദ്രീകരിക്കപ്പെട്ടു. സൈബർ പൗര ന്മാരുടെ സോഷ്യൽ മീഡിയ പങ്കുവയ്ക്കൽ വ്യക്താനുഭവങ്ങളുടെ സാമൂഹ്യാവിഷ്കാര മായി മാറി. ഇൻഫ്ളുവൻസർമാരും സെലിബ്രിറ്റികളും ഭാഷാപ്രയോഗത്തിലൂടെ ഭാഷാധി കാരം ഉറപ്പിക്കുന്നു. 'വൈറൽ' ആയത് ശരിയായ ഭാഷാരൂപമായി പുതുകാലത്ത് കരുത പ്പെടുന്നു. സൈബർബുള്ളിങ്ങും ഓൺലൈൻക്യാമ്പെയ്നുകളും ഭാഷാധികാരപ്രയോഗ ത്തിന്റെ ആയുധങ്ങളായി സൈബറിടത്തിൽ വർത്തിക്കുന്നു.

താക്കോൽപദങ്ങൾ: അധികാരവികേന്ദ്രീകരണം, സൈബർനെറ്റുശൃംഖല, സൈബർ പൗരൻ, ഡിജിറ്റൽ സെലിബ്രിറ്റി, ട്രെൻഡ്സംസ്കാരം, ഇൻഫ്ളുവൻസർമലയാളം, സൈബർബുള്ളിങ്ങ്, ഓൺലൈൻക്യാമ്പെയ്ൻ.

ആമുഖം

ഭാഷ മനുഷ്യന്റെ ആശയവിനിമയ ഉപാധി മാത്രമല്ല അത് അധികാരപ്രയോഗത്തി ന്റെയും, ആശയാധിപത്യത്തിന്റെയും, സ്വത്വപ്രകാശനത്തിന്റെയും ഉപകരണവുമാണ്. എഴുത്തിൽനിന്ന് അച്ചടിയിലേക്കും അവിടെനിന്ന് സൈബറിടത്തിലേക്കുമുള്ള പ്രയാ ണത്തിൽ ഭാഷയുടെ അധികാരബന്ധങ്ങളിലും ഇടപെടൽ രീതികളിലും സ്വഭാവത്തിലും വളരെയേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സാങ്കേതിക കാലഘട്ടമെന്നു വിശേഷിപ്പിക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യസമൂഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് സൈബറിടത്തിന്റെ സാങ്കേതിക പരിസരമാണ്. കമ്പ്യൂട്ടറും ഇന്റർനെറ്റ് സാങ്കേതികവി ദ്യയും ഭാഷയ്ക്ക് അനന്തമായ സാധ്യതകളാണ് തുറന്നുതന്നത്. നവമാധ്യമങ്ങൾ ഭാഷാ നിർമ്മിതിയുടെ പണിപ്പുരകളായി മാറിയിരിക്കുന്നു. സോഷ്യൽമീഡിയ, ബ്ലോഗുകൾ, ട്വിറ്റർ, ഓൺലൈൻ മാധ്യമങ്ങൾ, വാട്ട്സ്ആപ്പ്, ഇതര ചാറ്റ് പ്ലാറ്റ്ഫോമുകൾ എന്നിവ

ഭാഷയുടെ നിർമ്മിതിയിലും പ്രയോഗത്തിലും അധികാരശ്രേണിയിലും വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. സൈബറിടം ഭാഷയുടെ ആശയപ്രകാശനവേദി മാത്രമല്ല വർത്തമാന കാലത്ത് ഭാഷയെ നിർമ്മിക്കുകയും പുതിയ പദാവലികളെയും ശൈലികളെയും രൂപ പ്പെടുത്തുകയും ചെയ്യുന്ന ഫാക്ടറിയുമാണ്. സ്വതവെ സ്വതന്ത്രവും അനാഥവുമെന്നു തോന്നുമെങ്കിലും അതിനുള്ളിൽ സങ്കീർണ്ണമായ അധികാരഘടന പ്രവർത്തനക്ഷമമാണ്. സൈബറിടത്തിൽ രൂപപ്പെടുന്ന ഭാഷയുടെ ആധിപത്യത്തിന്റെ രൂപസവിശേഷതകളെ പരിശോധിക്കാം.

ഭാഷാധികാരം സൈബർ ഇടത്തിൽ

സൈബറിടത്തിലെ ഭാഷാവ്യവഹാരങ്ങളെ നിരീക്ഷിക്കുമ്പോൾ ആദ്യം ശ്രദ്ധിക്കപ്പെ ടേണ്ടത് അതിനുള്ളിലെ ഭാഷാധികാരത്തെയാണ്. ഭാഷാധികാരമെന്നാൽ ഭാഷയെ നിയ ന്ത്രിക്കുകയും അതിന്റെ പ്രയോഗങ്ങളെ സാധൂകരിക്കുകയും അതിലെ വ്യവഹാരങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്ന അധികാര സംവിധാനമാണ്. ഏതൊരു മാധ്യമത്തിലും അതിലെ ഭാഷാവ്യവഹാരങ്ങളെ നിയന്ത്രിക്കുന്ന അധികാര ഘടനയുണ്ട്. ആ അധികാര ഘടനയുടെ സവിശേഷതകളാണ് ആ മാധ്യമഭാഷയെ അയവുള്ളതും മുറുക്കമുള്ളതു മാക്കുന്നത് (Reed Chris. 2022:51-52). പരമ്പരാഗതമായി ഭാഷയുടെ അധികാര കേന്ദ്ര ങ്ങളായി പരിഗണിച്ചിരുന്നത് വ്യാകരണ പണ്ഡിതന്മാർ, സാഹിത്യകാരന്മാർ, ഭാഷാധ്യാ പകർ, എഡിറ്റർമാർ എന്നിവരെയാണ്. അവർ ഭാഷയുടെ വ്യാകരണപരവും, സാഹി ത്യപരവും, സാംസ്കാരികവുമായ മൂല്യത്തെ നിർണ്ണയിച്ചിരുന്നു. നിയമപരവും സ്ഥാപ നപരവുമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭാഷയുടെ അധികാരം അവരിൽ ഉറപ്പിക്കപ്പെട്ടത്. ഭാഷയിലെ അധികാരത്തെ സാധുകരിക്കാൻ വ്യാകരണഗ്രന്ഥങ്ങൾ, വ്യാകരണവ്യവസ്ഥകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാഹിത്യദർശനങ്ങൾ എന്നിവയു ണ്ടായിരുന്നു. അവ ഓരോന്നും ഭാഷയുടെ പരമ്പരാഗത അധികാരത്തെ ഉറപ്പിച്ചുനിർത്തു കയും ഭാഷാ പ്രയോഗങ്ങൾക്ക് അതിരു കല്പിക്കുകയും ചെയ്തു. പൊതുസമൂഹത്തിൽ ഭാഷയെ സംബന്ധിച്ച് ശരിതെറ്റുകളുടെ തീർപ്പ് കല്പിക്കപ്പെട്ടത് ഈ അധികാരവ്യവസ്ഥ യ്ക്കുള്ളിലാണ്. പത്രമാധ്യമങ്ങളിൽ മാനകഭാഷയുടെ അധികാരികളായി പരിഗണിക്ക പ്പെട്ടിരുന്നത് എഡിറ്റർമാരെയാണ്. അവർ എപ്പോഴും ഒരു കണ്ണാടിയായിരുന്നു (വെങ്കിടേ ശ്വരൻ 2008:5). ഭാഷ പ്രയോഗിക്കുന്നവരുടെ തെറ്റുകൾ മനസ്സിലാക്കാനും തിരുത്താനും സഹായിക്കുന്ന കണ്ണാടിയായിരുന്നു അവർ. പ്രസ്തുത അർത്ഥത്തിൽ ഭാഷയുടെ അധി കാരികളായും അവർ ഗണിക്കപ്പെട്ടു.

പരമ്പരാഗതമായ അധികാര വ്യവസ്ഥകളെയും ഘടനകളെയും ശൈലികളെയും തകിടം മറിക്കുന്നതാണ് സൈബറിടത്തിലെ പ്രവണതകൾ. സോഷ്യൽമീഡിയായുടെ ആവിർഭാവവും വർത്തമാനകാലത്തിലെ സ്വാധീനവും ഭാഷയുടെഅധികാരം, ഭാഷയുടെ നിർമ്മിതി, ഭാഷാപ്രയോഗം, ഭാഷാശൈലികൾ എന്നിങ്ങനെ എല്ലാതലങ്ങളിലും കാതലായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

പരമ്പരാഗത മാധ്യമങ്ങളുടെ ആരംഭം മുതൽ ഭാഷാധികാരത്തിന് രേഖിയമായ ഒരു ഘടനയുണ്ടായിരുന്നു. അധികാരഘടനയിൽ രേഖിയമായ നീങ്ങിയ ഭാഷാധികാരം സൈബറിടത്തിൽ മാറ്റത്തിന് വിധേയമായി. ഭാഷ വിശാലമായ നെറ്റുശൃംഖലയിലേക്ക് മാറ്റപ്പെട്ടു. അച്ചടിയിൽ ഭാഷാനിയമത്തിന് വിധേയമായി നിശ്ചിത രൂപത്തിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരുന്ന ഭാഷാവ്യവഹാരങ്ങൾക്ക് സൈബറിന്റെ ഉദയത്തോടെ വിശാലലോകം തുറന്നുകിട്ടി. സാഹിത്യത്തിന്റെ എല്ലാരൂപങ്ങളും സൈബറിടത്തിലേക്കും കടന്നുവന്നു. ഭാഷാരൂപങ്ങൾക്കൊപ്പം അതിന്റെ പ്രയോക്താക്കളുടെയും കുത്തൊഴുക്ക് സൈബറിടത്തിലേക്കുണ്ടായി. എഴുത്തിന്റെ മേഖലയിൽ നിയന്ത്രിക്കപ്പെട്ടുനിന്ന അനേകർക്ക് തുറന്നുകിട്ടിയ വാതിലായിരുന്നു സൈബറിടം. (Müller and Maggio 2012:3-4). ഭാഷയിലെ നിയന്ത്രണ ആധിപത്യങ്ങളെ തട്ടിമറിച്ചുകൊണ്ട് അവർ സൈബറിടത്തിലെ അധികാരികളായി. സൈബറിടത്തിൽ ഭാഷയുടെ അധികാരം വികേന്ദ്രികരിക്കപ്പെട്ടു. സൈബറിടത്തിന്റെ സാങ്കേതികസാധ്യതകളിലേക്ക് ഭാഷ കടന്നുവന്നപ്പോൾ അതിന്റെ അധികാരം നെറ്റുവർക്ക് ശൃംഖല ഏറ്റെടുത്തു. കണ്ണികളാൽ വലയം ചെയ്യപ്പെട്ട നെറ്റുശൃംഖലകളിൽ കേന്ദ്രസ്ഥാനമില്ലാത്തതുപോലെ ഭാഷയുടെ അധികാരവും വികേന്ദ്രീകരിക്കപ്പെട്ടു. സൈബറിടത്തിന്റെ ഇതര സ്വഭാവങ്ങളും ആ അധികാരത്തെ കൂടുതൽ വികേന്ദ്രീകൃതമാക്കി. (Crystal, David. 2001:36). നിരന്തരം കണ്ണിചേർക്കപ്പെട്ട് വികസിതമാകുന്നതാണ് സൈബറിടത്തിന്റെ ഘടന. നെറ്റുവർക്കിങ്ങിലൂടെ അതു നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അധികാരത്തിന്റെ രേഖിയത സൈബറിടത്തിൽ പ്രസക്തമല്ലാതായിത്തീർന്നു. ഭാഷാപണ്ഡിതന്മാർക്കും സാഹിത്യകാരന്മാർക്കും ഗ്രന്ഥങ്ങൾക്കും സൈബറിടത്തിൽ കണ്ണിചേർക്കാൻ കഴിയുമെങ്കിലും ഭാഷാധികാരത്തിന്റെ പ്രയോക്താക്കളായി അവരെ പ്രതിഷ്ഠിക്കാൻ ഒരു വ്യവസ്ഥയ്ക്കും കഴിയുകയില്ല. സൈബറിടത്തിലെ ഭാഷാലോകത്തേക്ക് കുതിച്ചെത്തിയ എഴുത്തുകാരുടെ വലിയ ലോകത്തെ നിയന്ത്രിക്കുന്ന ഒരു ചട്ടക്കൂടും ആ ലോകത്തുണ്ടായിരുന്നില്ല. നവമാധ്യമ ലോകത്തെ പോസ്റ്റുകൾക്കൊണ്ട് ഭാഷാലോകം വളരെവേഗം സജീവമായി ലക്ഷക്കണക്കിന് കവിതകളും കഥകളും നുറുങ്ങുകളും കൊണ്ട് പുതുമാധ്യമലോകം ചലനാത്മകമായി. നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന ഘടനയിൽ ഭാഷയുടെ അധികാരവ്യവസ്ഥ രേഖിയമല്ലാതെ നിരന്തരം മാറിക്കൊണ്ടിരുന്നു. വിശാലവും അനുദിനം വികസിതവുമായ സൈബർ കണ്ണികളിൽ ഭാഷാ രൂപങ്ങൾക്കുതന്നെ മാറ്റംസംഭവിച്ചു. സാങ്കേതിക അതിന്റെ അടിസ്ഥാന സവിശേഷതയായപ്പോൾ എഴുത്തുകാരന്റെ അസ്ഥിത്വംതന്നെയും ചോദ്യം ചെയ്യപ്പെട്ടു. സാങ്കേതിക വിജ്ഞാനിക്ക് സൈബറിടത്തിൽ കൂടുതൽ സ്ഥാനം ലഭിച്ചു.

സൈബർ പൗരന്മാരുടെ ഭാഷാധികാരം

സൈബർ വ്യവഹാരങ്ങളുടെ നിർമ്മിതിയിൽ ഏറ്റവുമധികം പരിഗണിക്കപ്പെടേണ്ടത് ഉപയോക്താക്കളാകുന്ന സൈബർ പൗരന്മാരുടെ പങ്കാളിത്തത്തെയാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വ്യാപനത്തോടെ ഭാഷയുടെ ഉപയോഗവും വ്യവഹാരവും പൊതു

സമൂഹത്തിന്റെ ഭാഗമായി അത് എല്ലാ വ്യക്തികളിലേക്കും കടന്നുചെന്നു. സോഷ്യൽമീഡിയ ചാറ്റിങ്ങുകൾ ഇന്ന് സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. ആശയാവിഷ്കാരത്തിനും സംസാരത്തിനും വികാരപ്രകടനത്തിനും വേദിയായ സൈബറിടങ്ങളിലേക്ക് പൗരന്മാർ കൂട്ടമായി പ്രവേശിച്ചു. കൈയിൽ വഹിക്കുന്ന സാങ്കേതിക ഉപകരണത്തിൽനിന്ന് അപ്പപ്പോൾ തങ്ങൾക്കു തോന്നിയത് വിളിച്ചുപറയുന്ന നെറ്റിസൺമാരുടെ ലോകമായി അതുമാറി. (ആദർശ് 2011:13). വ്യക്തിയുടെ അനുഭവങ്ങളെ അവർ ആവേശത്തോടെ ചാറ്റുചെയ്തു, കവിതകളാക്കി, ചിത്രങ്ങളുടെയും ശബ്ദങ്ങളുടെയും പശ്ചാത്തലത്തിൽ വികാരവിക്ഷോഭങ്ങൾ അവർ സംവേദനം ചെയ്തു. വ്യക്തിയുടെ ഭാഷ, സ്വകാര്യാനുഭവം എന്നതിൽനിന്നും സമൂഹത്തിന്റെ അനുഭവങ്ങളിലേക്കു വേഗം പ്രചരിച്ചു. ഇതിലൂടെ ഭാഷ വ്യക്തിയുടെ സ്വകാര്യ അനുഭവത്തിൽനിന്നും സമൂഹത്തിന്റെ കൂട്ടായനിർമ്മാണത്തിന്റെ ഭാഗമായിമാറി (Zhao Bo Shu. 2017:3).

ലോകത്തിന്റെ വിവിധകോണുകളിൽനിന്ന് മൊബൈൽഫോണടക്കമുള്ള ഉപകരണങ്ങളുടെ സഹായത്തോടെ സൈബറിടത്തിൽ വിരാജിക്കുന്ന കോടിക്കണക്കിന് നെറ്റിസൺമാർ ഈ ഭാഷാധികാരത്തിൽ പങ്കാളികളാകുന്നുണ്ട്. ജീവിതത്തിന്റെ ചുറ്റുപാടുകളിൽനിന്ന് അവർ പടച്ചുവിടുന്ന സംഭാഷണശകലങ്ങളും ശൈലികളും പ്രയോഗങ്ങളും നീട്ടലുകളും കുറുക്കലുകളും എന്തിന് മൗനപ്രയോഗങ്ങൾവരെ ഭാഷാവ്യവഹാരത്തോട് കൂട്ടിച്ചേർക്കപ്പെടുന്നുണ്ട്. ഏതു ഭാഷയാണ് ഉറപ്പിക്കപ്പെടുന്നതെന്ന് തിരിച്ചറിയാനാവാതെ സങ്കീർണ്ണമായ സൈബർ ഘടനയിൽ ഉപയോക്താവറിയാതെ നിരവധി പദങ്ങൾ ഭാഷയിൽ ചിരപ്രതിഷ്ഠ നേടുന്നു. സീൻ (പ്രശ്നമാണ്), റോസ്റ്റ് (ശക്തമായി വിമർശിക്കൽ), തൂക്കി (പൂർണ്ണമായി കീഴടക്കി), മ്യാരകം (മാരകം), നെറ്റ് കുലുക്കി (വലിയ ചർച്ചയായി), പൂക്കി (പ്രിയപ്പെട്ടത്), നിഷ്കു (നിഷ്കളങ്കൻ), സ്കിബിഡി (ഊള), ഫുഫു (ഫേയ്ക്ക് വ്യക്തി), തന്ത വൈബ് (അനഭിമതൻ), ശോകം (കാര്യം പന്തിയല്ല), നോപ്പ് (ഇല്ല), ക്രിഞ്ച് (കൃത്രിമ പ്രകടനം), യാപ്പിങ്ങ് (അനാവശ്യമായി സംസാരിക്കുക). ആദ്യത്തെ പ്രയോഗം ആരാണ് നടത്തിയതെന്ന് അറിയാതെ ഇത്തരം അനേകം വാക്കുകൾ പൊതുഭാഷാവ്യവഹാരത്തിന്റെ ഭാഗമായി. നെറ്റിസൺമാരാൽ വ്യക്താധിഷ്ഠിതമായി പ്രതിഷ്ഠിക്കപ്പെടുന്ന പദങ്ങൾ വേഗംതന്നെ സാമൂഹിക സംസ്കാരത്തിന്റെ ഭാഗമായി ഭാഷാവ്യവഹാരത്തിൽ ലയിക്കുന്നു. ജീവിതത്തിന്റെ നേരംപോക്കുകൾ, വിരസതകൾ, വെടിവെട്ടങ്ങൾ, ആകുലതകൾ, വികാരവിക്ഷോഭങ്ങളുടെ പ്രകടനം, അന്വേഷണങ്ങൾ, സൗഹൃദസംഭാഷണം, ഇങ്ങനെ ഒരു സൈബർപൗരൻ തന്റെ ജീവിതത്തിന്റെ വലിയൊരു സമയം സൈബറിടത്തിൽ ചെലവഴിക്കുമ്പോൾ എത്രവലിയ അളവിലാകാം ഭാഷാസമ്പത്തിനെ നിക്ഷേപിച്ചിട്ടുണ്ടാകുക. പരമ്പരാഗതമായ എഴുത്തുലോകത്ത് ഭാഷയെ ആഖ്യാനംചെയ്യാൻ സാധ്യമല്ലാതിരുന്ന കോടിക്കണക്കിനു പൗരന്മാർ ജീവിതനിമിഷങ്ങളുടെ ആഖ്യാനംവഴി ഭാഷയിൽ വേരുറപ്പിക്കുന്നു. ഭാഷാധികാരത്തിന്റെ ശ്രേണിയിൽ അവരറിയാതെ സ്വന്തം സ്വത്വം ഉറപ്പിക്കുകയും ചെയ്യുന്നു.

സൈബർപൗരന്മാർ ഗൗരവത്തോടെയും അല്ലാതെയും വ്യക്താധിഷ്ഠിതമായി നട

ത്തുന്ന ഓരോ ചാറ്റിങ്ങും ഭാഷയുടെ ചെറുനിർമ്മിതിയായി മാറുന്നു. ഓരോ ചെറിയ മാറ്റവും കൂട്ടമായി ചേരുമ്പോൾ ഒരു പുതിയ ഭാഷാവ്യവഹാരം തന്നെ രൂപപ്പെടുന്നു. വ്യക്തിയുടെ ദൈനംദിന സംഭാഷണത്തിൽനിന്നുള്ള പ്രയോഗങ്ങൾ ചിലതെങ്കിലും സമൂഹഭാഷാവ്യവഹാരങ്ങളിലേക്കു പടരുന്നു. പുതിയ വാക്കുകൾ, പ്രയോഗങ്ങൾ, അർത്ഥങ്ങൾ ഇവയുടെ സന്നിവേശങ്ങളിലൂടെ സാധാരണ ഉപയോക്താവും ഭാഷയുടെ മുഖ്യനിർമ്മാതാവായി സൈബറിടത്തിൽ അവതരിച്ചു (Zhao Bo Shu. 2017:2-3).

ഡിജിറ്റൽ സെലിബ്രിറ്റികളും ഭാഷാധികാരവും

സൈബറിടത്തിലെ ഭാഷാപ്രയോഗത്തിന്റെ മറ്റധികാരികൾ ഡിജിറ്റൽ സെലിബ്രിറ്റികളും ഇൻഫ്ളുവൻസർമാരുമാണ്. സൈബറിടത്തിൽ ഇവർ അധികാരം ഉറപ്പിക്കുന്നത് ആകർഷകമായ ഏതെങ്കിലും സവിശേഷ ഇടപെടൽ വഴിയാകും. വളരെവേഗം വൈറലാകുന്ന പോസ്റ്റുകൾ, ശൈലികൾ, പദപ്രയോഗങ്ങൾ, പ്രതികരണങ്ങൾ എന്നിവവഴി അവരുടെ ഭാഷാധികാരം സമൂഹമധ്യത്തിൽ ഉറപ്പിക്കപ്പെടുന്നു. ധാർമ്മികമോ അധാർമ്മികമോ, യുക്തിയോ അയുക്തിയോ, ശ്ലീലമോ അശ്ലീലമോ വേർതിരിവുകളില്ലാതെ ഭാഷാവ്യവഹാരങ്ങൾ അവരിലൂടെ സമൂഹമധ്യത്തിൽ പ്രചരിപ്പിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്യുന്നു. ഒരു സമൂഹത്തിന്റെ സംഭാവന എന്നതിനപ്പുറം സെലിബ്രിറ്റിയുടെ അല്ലെങ്കിൽ ഇൻഫ്ളുവൻസറുടെ മലയാളം എന്നരൂപത്തിൽ ഭാഷയെ നിർമ്മിക്കുവാൻ സൈബറിടത്തിൽ അവർക്കു കഴിയുന്നു.

ഭാഷാനിയമങ്ങൾ പരിഗണിക്കപ്പെടാതെ ഇത്തരം ഇൻഫ്ളുവൻസർമാരുടെയും സെലിബ്രിറ്റികളുടെയും വ്യക്തിത്വവും ശൈലിയും, ഭാഷാപ്രയോഗവും ആളുകളെ സ്വാധീനിക്കുന്നു. ഭാഷാനിയമങ്ങളെപ്പറ്റിയും പ്രയോഗങ്ങളിലെ നിയന്ത്രണങ്ങളെപ്പറ്റിയും അവർ വേണ്ടത്ര അറിവുള്ളവരാകണമെന്ന് നിർബന്ധവുമില്ല. ഉദാഹരണത്തിന് 'തൊപ്പി'പോലുള്ള വ്ളോഗർമാർ ഉപയോഗിക്കുന്ന വാക്കുകൾ കൗമാരക്കാർക്കിടയിൽ പെട്ടെന്നു പടരുന്നു. ഇത് സ്കൂളുകളിലെയും കോളേജുകളിലെയും സംസാരരീതിയെപ്പോലും മാറ്റുന്നുണ്ട്. പേളിമണി അടക്കമുള്ള ഡിജിറ്റൽ സെലിബ്രിറ്റികളുടെ സ്ലാങ്ങുകൾ, ഇംഗ്ലീഷും മലയാളവും ഇടകലർത്തി അതിവേഗം സംസാരിക്കുന്ന ശൈലി എന്നിവ ആരാധകരുടെ ഭാഷാപ്രയോഗങ്ങളെ സ്വാധീനിക്കുന്നു.

സാമൂഹ്യമാധ്യമങ്ങളിലൂടെ ശ്രദ്ധേയയായ നാഗസൈരന്ധ്രിയുടെ അഭിമുഖങ്ങൾ പലപ്പോഴും വൈറലാകാറുണ്ട്. അവർ ലൈവിൽ പറയുന്ന പല ഡയലോഗുകളും മലയാളികൾക്കിടയിൽ വൈറലായി. ബാബുസ്വാമിയുമായുള്ള അവരുടെ അഭിമുഖം വലിയ തരംഗമാണ് സൃഷ്ടിച്ചത്. ഡി.ജെ. ഗാനങ്ങളും, റീൽസും, സംഭാഷണശൈലികളുമായി അവയെ മലയാളി ആഘോഷിച്ചു.

രാഷ്ട്രീയം, മതം, കുടുംബകാര്യം, വിനോദം, പാചകം, സ്പോർട്സ്, ജെൻഡർ, തമാശകൾ, സംഗീതം, യാത്രകൾ ഇങ്ങനെ ഓരോ രംഗങ്ങളിലും ആരാധകർ ആഘോഷിക്കുന്ന നൂറുകണക്കിന് സെലിബ്രിറ്റികളുണ്ട്. അവരുടെ ട്രെൻഡും വൈറലുമായ നിരവധി

വീഡിയോകൾ ആവർത്തനങ്ങളായി പ്രേക്ഷകരുടെ ദൃശ്യകാഴ്ചകളിലൂടെ കടന്നുപോകുന്നു. സോഷ്യൽമീഡിയായിലെ സൂപ്പർതാരങ്ങളായി അവർ ആരാധിക്കപ്പെടുകയും അവരുടെ പുതിയ വീഡിയോകൾക്കായി ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു. ഈ വീഡിയോകൾ കേവലം ദൃശ്യാനന്ദത്തെ ഉദ്ദീപിപ്പിക്കുക മാത്രമല്ല അതിലെ ഭാഷാ പ്രയോഗങ്ങളും ശൈലികളും സമൂഹത്തിന്റെ ഭാഷാവ്യവഹാരങ്ങളിലേക്ക് കടന്നുകയറുകയും ചെയ്യുന്നുണ്ട്.

വൈറൽ, ട്രെൻഡുകളിലെ ഭാഷാധികാരം

സോഷ്യൽമീഡിയായുടെ അധികാരസ്വഭാവം ട്രെൻഡ് സംസ്കാരവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. മുമ്പ് ഭാഷയുടെ സ്വാഭാവിക വളർച്ചയിലായിരുന്നു പദങ്ങൾ രൂപപ്പെട്ടിരുന്നത്. അവയ്ക്കു പ്രയോഗസാധ്യത നേടാൻ കാലങ്ങൾ ആവശ്യമായിരുന്നു. എന്നാൽ സൈബറിടത്തിൽ അത് ട്രെൻഡിനെ ആശ്രയിച്ചിരിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് ട്രെൻഡും വൈറലുമാകുന്ന പദങ്ങൾ വളരെവേഗം സാമൂഹ്യജീവിതത്തിന്റെ ഭാഗമായി കൂട്ടിച്ചേർക്കപ്പെടുന്നു. ട്രെൻഡുകളും വൈറലുകളുമാണ് ഇന്നു ഭാഷാവ്യവഹാരങ്ങളെ വേഗത്തിൽ സ്വാധീനിക്കുന്നത്.

മലയാള ബ്ലോഗർമാരുടെ വീഡിയോകളുടെ തുടക്കവാക്കായി 'ഹലോ ഗയ്സ്' എന്ന അഭിസംബോധനതന്നെ ഉദാഹരണം. 'പവർ വരട്ടെ' ആവേശം പ്രകടിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്ന തരംഗപദമാണ്. 'കട്ട സപ്പോർട്ട്' സോഷ്യൽ മീഡിയായിലെ സപ്പോർട്ടിനു മാത്രമല്ല സമൂഹത്തിലെ ഏതുതരം പിന്തുണയ്ക്കും പകരമായ പദമായി. 'ഫേക്ക്' എന്ന പദം കപടവ്യക്തിത്വത്തിന്റെ അവതരണവാക്കായി മാറി. സഹതാപം പിടിച്ചുപറ്റാൻ ശ്രമിക്കുന്നവർ 'സിംപതി സ്റ്റാർ' ആയതും ബിഗ്ബോസ് പോലുള്ള ഷോകളിൽ നിന്നു പ്രചരിച്ചതാണ്. സാഹചര്യം വഷളാകുകയോ, അത്ഭുതകരമാകുകയോ ചെയ്താൽ അത് 'സീൻ കോണ്ട്രാ' ആണ്.

ഭാഷാനിയമങ്ങളുടെ അതിർത്തിക്കു പുറത്തായിരിക്കും ഇത്തരം പദങ്ങളുടെ രൂപപ്പെടൽ. 'ട്രെൻഡ്' ആയതും 'വൈറൽ' ആയതും ശരിയായ ഭാഷയായി കരുതപ്പെടുന്നു. അത്തരം ഒരു ഭാഷാബോധമാണ് പുതുകാലത്ത് രൂപപ്പെട്ടുവരുന്നത്. ഭാഷയിൽ തുല്യഅർത്ഥത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്ന പദങ്ങൾ അപ്രസക്തമാകുകയും ആവർത്തിക്കപ്പെട്ട് ഉപയോഗിക്കപ്പെടുന്ന വാക്കുകൾ ഭാഷയുടെയുള്ളിൽ ചിരപ്രതിഷ്ഠ നേടുകയും ചെയ്യുന്നു. വിപരീതാർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങൾപോലും യഥാർത്ഥ അർത്ഥത്തെ സ്ഥിരമായിത്തന്നെ മായിച്ചുകളയാം. ഉദാഹരണമായി'പൊങ്കാല' എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം മാറി സോഷ്യൽ മീഡിയായിൽ 'കൂട്ടവിമർശനം' എന്ന അർത്ഥമാണ് ഉള്ളത്. 'ചളി' ആരംഭിച്ചത് ഓൺലൈൻ ട്രോൾഗ്രൂപ്പുകളിൽ നിന്നാണ്. 'പണികിട്ടി' എന്നു പറഞ്ഞാലും 'ചങ്ക്' എന്നു പറഞ്ഞാലും മുമ്പുള്ള അർത്ഥങ്ങൾ അതിനു തീരെയില്ല. ജനസമൂഹത്തിൽ വൈറലാകുന്ന വാക്ക് വേഗംതന്നെ ഭാഷാവ്യവഹാരത്തിന്റെ ഭാഗമാകുന്നു. ജനപ്രിയതയാണ് ഇവിടെ ഭാഷാസ്വീകാര്യത്തിന്റെ അടിത്ത

റയായി വർത്തിക്കുന്നത്.

വൈറൽ, ട്രെൻഡ് സംസ്കാരത്തിൽ ഭാഷാധികാരം നിയമവ്യവസ്ഥകൾക്കപ്പുറത്ത് കേവലം ജനതാല്പര്യത്തിൽ മാത്രമാണ് അടിത്തറ ഉറപ്പിക്കുന്നത്. വൈറൽ, ട്രെൻഡുകളിൽ ഭാഷയുടെ അധികാരത്തെ നിലനിർത്തുന്നതിന് അൽഗോരിതങ്ങളുടെ സ്വാധീനവും നിർണ്ണായകമാണ്. ഏതു ഭാഷാരൂപം ദൃശ്യമാകണമെന്ന് തീരുമാനിക്കപ്പെടുന്നത് കമ്പ്യൂട്ടർ പ്രോഗ്രാമുകൾക്കുള്ളിലാണ്. ഏത് ട്രെൻഡാകണം ഏത് അപ്രത്യക്ഷമാകണം എന്ന നിശ്ചയങ്ങൾ നടത്തപ്പെടുന്നത് സൈബർ ഘടനക്കുള്ളിലാണ്. അതിനാൽ ഭാഷയുടെ അധികാരം നെറ്റുവർക്കിന്റെ ശൃംഖലകളിൽ അദൃശ്യമായി കിടക്കുന്നു. ട്രെൻഡും വൈറലുമാകുന്ന പദങ്ങൾ പ്രത്യക്ഷമാകുന്നതിന്റെ ഇരട്ടി വേഗതയിൽ അപ്രത്യക്ഷമാകുകയും ചെയ്യുന്നു. സൈബറിടം അതിന്റെ അധികാരിയായി ആരെയും അധികസമയം വാഴിക്കുന്നില്ല. അല്പായുസിൽ ട്രെൻഡുകൾ മാറുന്നതനുസരിച്ച് ഭാഷയുടെ ആധികാരിക സ്ഥാനവും മാറ്റപ്പെടുന്നു. സാങ്കേതിക സാമൂഹ്യകൂട്ടായ്മ എന്നനിലയിൽ അധികാരസ്ഥാനം വേഗം മാറിക്കൊണ്ടിരിക്കും എന്നതാണ് അതിന്റെ സവിശേഷത.

സൈബർ ബുള്ളിങ്ങും ഓൺലൈൻ ക്യാമ്പെയ്നുകളും

ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ വളർച്ചയോടെ സൈബറിടം വ്യത്യസ്തമായ വ്യവഹാരങ്ങളുടെ വേദിയായി മാറി. അതിൽ പ്രധാനമാണ്, തത്വാധിഷ്ഠിതവും രാഷ്ട്രീയാധിഷ്ഠിതവും ആശയാധിഷ്ഠിതവുമായ താല്പര്യങ്ങളുടെ ക്രോഡീകരണത്തിന് സോഷ്യൽ മീഡിയായെ ഉപയോഗിക്കുന്നുവെന്നത്. രാഷ്ട്രീയ കക്ഷികൾ, സർക്കാരുകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, കോർപ്പറേറ്റുകൾ, നിക്ഷിപ്ത താല്പര്യക്കാർ, ഇങ്ങനെ സംഘടിതവും അസംഘടിതവുമായ നിരവധി സമൂഹങ്ങൾ ആശയങ്ങളുടെ സ്വാധീനത്തിനും അധികാര സ്ഥാപനത്തിനുമായി സൈബറിടങ്ങളെ സൂക്ഷ്മമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ആശയവിനിമയ ഉപാധിയായി മാത്രമല്ല ഇവർ നവമാധ്യമങ്ങളെ ഉപയോഗിക്കുന്നത് അധികാര നിർമ്മാണത്തിനും രാഷ്ട്രീയ നിയന്ത്രണത്തിനും നിലവിലുള്ള അവസ്ഥകളുടെയും വ്യക്തിബിംബങ്ങളുടെയും ഉന്മൂലനത്തിനും ആയുധമായി അവയെ ഉപയോഗപ്പെടുത്തുന്നു. സൈബർബുള്ളിങ്ങും ഓൺലൈൻക്യാമ്പെയ്നുകളും വഴി പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയവും സാമൂഹ്യവുമായ നിക്ഷിപ്ത ആശയങ്ങളെ പ്രചരിപ്പിക്കുന്നതിനും പ്രതിരോധങ്ങളെ അടിച്ചമർത്തുന്നതിനും വ്യത്യസ്തമായ ഭാഷാവ്യവഹാരങ്ങളെ ബോധപൂർവ്വം അവർ സോഷ്യൽമീഡിയായിൽ രൂപപ്പെടുത്തിയെടുക്കുന്നു. ട്രോൾഭാഷ, പരിഹാസം, സംഘടിത പദനിർമ്മിതി, അപദാനങ്ങളുടെ വാഴ്ത്തൽ, നിസ്സാരങ്ങളുടെ വീരവത്ക്കരണം, ആശയങ്ങളോടുള്ള സംഘടിത ആക്രമണം, ഇങ്ങനെ വ്യത്യസ്ത മുറകളിലൂടെ അവർ ആശയാധിപത്യത്തിന് ശ്രമിക്കുന്നു. ഒരു വ്യക്തിയെയൊ ആശയത്തെയൊ സമൂഹത്തെയൊ സംഘടിതമായി സൈബറിടത്തിൽ ആക്രമിക്കുന്നതി

നെയാണ് സൈബർബുള്ളിങ്ങ് എന്നുവിളിക്കുന്നത്. വെട്ടുക്കിളിക്കൂട്ട ആക്രമണമെന്ന് ആലങ്കാരികമായി ഇതിനെ സൈബറിടത്തിൽ വിശേഷിപ്പിക്കുന്നു. ആധിപത്യ സ്ഥാപനത്തിന് അവർ ഉപയോഗിക്കുന്ന മാർഗ്ഗം ഭാഷാധികാരത്തെ സ്വന്തമാക്കുകയാണ്. നിശിതമായ വിമർശനങ്ങളും മൂർച്ചയുള്ള വാക്കുകളും നിരന്തരമായ ആക്രമണങ്ങളും വഴി അവർ ഭാഷാധികാരം ഉറപ്പിക്കുന്നു.

ട്രോളിങ്ങ് (ഉദ്ദേശപൂർവ്വമുള്ള പരിഹാസപോസ്റ്റ്) ക്യാരക്ടർ അസാസിനേഷൻ (വ്യക്തിത്വത്തെ തകർക്കൽ), റോസ്റ്റ്, (കടുത്ത പരിഹാസം/വിമർശനം), അബ്യൂസ് (വാക്കുകളുടെ ആക്രമണം), ഹേറ്റ് സ്പീച്ച് (വിദ്വേഷം നിറച്ച വാക്കുകൾ) ക്യാൻസൽ (സാമൂഹ്യ ഒറ്റപ്പെടുത്തൽ), ഡ്രാഗിങ്ങ് (കൂട്ടത്തോടെ ആക്രമിക്കൽ), കമന്റ് അറ്റാക്ക് (സംഘടിത കമന്റ് ആക്രമണം) റേഷ്യോ (നെഗറ്റീവ് പ്രതികരണങ്ങളിലൂടെ അപമാനിക്കൽ) ഇങ്ങനെ സംഘടിതമായ ഭാഷാവ്യവഹാരങ്ങളുടെ രൂപീകരണവും, നിർമ്മാണവും, പ്രയോഗവും പ്രത്യാക്രമണവും സൈബറിടത്തിൽ നടക്കുന്നു. ഭാഷാധികാരത്തിന്റെ സൈബർ രൂപഭാവങ്ങളാണ് ഇവ ഓരോന്നും. ഭാഷാധികാര പ്രയോഗത്തിന്റെ ആയുധങ്ങളായി ഇവ സൈബറിടത്തിൽ വർത്തിക്കുന്നു.

മത, സാമൂഹിക, രാഷ്ട്രീയ, പ്രൊമോഷണൽ, ബ്രാൻഡ്, ക്യാമ്പെയ്നുകളും ധാരാളമായി സൈബറിടത്തിൽ നടക്കുന്നു. അവബോധനിർമ്മാണം, വിമർശനം, പ്രതിരോധം, ബഹിഷ്കരണം, പ്രചരണം, പിന്തുണ, അവകാശബോധവൽക്കരണം ഇങ്ങനെ വ്യത്യസ്ത തലത്തിൽ നടത്തപ്പെടുന്ന ഓൺലൈൻ ക്യാമ്പെയ്നുകളും ഭാഷാധികാരത്തെ ഉറപ്പിച്ചുകൊണ്ടാണ് പൊതുമനോഭാവത്തെ സ്വാധീനിക്കുന്നത്. സംഘടിതമായ ഡിജിറ്റൽ പ്രവർത്തനത്തിലൂടെ ആശയം, നിലപാട്, ഉത്പന്നം എന്നിവ വ്യാപകമായി പ്രചരിപ്പിക്കുന്നു. അവ വെറും ഓൺലൈൻപോസ്റ്റുകൾ എന്നതിലുപരി ആവർത്തനത്തിലൂടെയും സംഘടിത പ്രവർത്തിയിലൂടെയും ഭാഷാവ്യവഹാരത്തിന്റെ ഭാഗമാകുകയും ഭാഷാധിപത്യത്തെ അരക്കിട്ടുറപ്പിക്കുകയും ചെയ്യുന്നു.

ഉപസംഹാരം

സൈബറിടം കേവലം ആശയപ്രകാശനവേദി മാത്രമല്ല ഭാഷയുടെ അധികാരവ്യവസ്ഥയെ നിർണ്ണയിക്കുന്ന ഇടം കൂടിയാണ്. സാങ്കേതിക വിപ്ലവങ്ങളുടെ വേദിയായ സമകാലീന സമൂഹത്തിൽ ഭാഷയിലും പുതിയ അധികാരബന്ധങ്ങൾ രൂപപ്പെടുന്നുണ്ട്. സോഷ്യൽമീഡിയയുടെ മാധ്യമയിടം അതിന് പ്രധാനവേദിയായിത്തീരുന്നു. ഡിജിറ്റൽ സെലിബ്രിറ്റികൾ, ഇൻഫ്ളുവൻസർമാർ, സൈബർപൗരന്മാർ ഇവരിലൂടെ ഭാഷാധികാരം വളരെ സൂക്ഷ്മമായും ശക്തമായും സമൂഹത്തിൽ പ്രവർത്തനനിരതമാകുന്നു. വികേന്ദ്രീകൃതമായ ഈ അധികാരം നിരന്തരം ഭാഷയിൽ പ്രയോഗിക്കപ്പെടുകയും ഭാഷയെ പുനർനിർമ്മിക്കുകയും ചെയ്യുന്നു. സൈബർബുള്ളിങ്ങും ഓൺലൈൻക്യാമ്പെയ്നുകളും സംഘടിതമായ ശ്രമങ്ങളിലൂടെ ഭാഷാധികാരശ്രേണിയിൽ മേൽക്കൈനേടുന്നു.

സഹായക ഗ്രന്ഥങ്ങൾ

ആദർശ് വി.കെ. 2011: വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പാലക്കുടി ജെ. മനോജ്, 2018: മലയാളസൈബർസാഹിത്യം, ഗ്രീൻബുക്സ്, തൃശൂർ.

വെങ്കിടേശ്വരൻ സി.എസ്., 2008: മലയാളിയുടെ ബൂജീവിതം, ഭാഷാപോഷിണി, 2008 മെയ്, പുസ്തകം 12, ലക്കം 31.

Crystal, David. 2001: Language and the Internet, University Press, Cambridge.

Müller, Luciane Oliveira, and Sandra Sirangelo Maggio. 2012: Literature and Technology: A Cyber Reading of Karen Joy Fowler's Novel Wit's End. Revista Recorte 9(1). dialnet.unirioja.es/descarga/articulo/4791916.pdf.

Reed Chris. 2022: Cyberspace Institutions, Community and Legitimate Authority, (Article) TCLR 2022 Issue 2, Do1:10, 26494/tclr 220229

Zhao Bo Shu. 2017: A Tentative Study on Cyber Language, https://www.scr.bd.com/document/508560036/cyber-language.